**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4450** **01-07-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അപര്യാപ്തമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അപര്യാപ്തമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും, യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. അത് കണക്കിലെടുത്ത്, ബിസിനസ്സുമായി ബന്ധപ്പെട്ട എല്ലാ നിയമനിർമ്മാണങ്ങളും സൂക്ഷ്മമായി പരിശോധിക്കുന്നതിനും, കാലഹരണപ്പെട്ട വ്യവസ്ഥകളിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുന്നതിനും, അനാവശ്യ നിയമങ്ങൾ റദ്ദാക്കുന്നതിനും, ബിസിനസ്സ് നിയമങ്ങളിലെ ക്രിമിനൽ വ്യവസ്ഥകൾ ക്രിമിനൽ രഹിതമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ വൈസ് ചാൻസിലറായ ഡോ. കെ. സി. സണ്ണിയുടെ അധ്യക്ഷതയിൽ ഒരു എക്സ്റ്റേണൽ കമ്മിറ്റിയെ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ചിരുന്നു.<br><br>വ്യവസായ സമൂഹവും, വിവിധ വ്യവസായ അസ്സോസ്സിയേഷനുകളുമായും കൂടിയാലോ ചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും, ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി, അവയിൽ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കാനും, കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗനിർദേശങ്ങളും അടങ്ങിയ വിശദമായ റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി സമർപ്പിച്ചു. |

| | | | |
|---|---|---|---|
| | | | വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് നിലവിലുള്ള 12 നിയമങ്ങൾ, 14 ചട്ടങ്ങൾ, എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള ശുപാർശകളോടെയാണ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചത്. ഇതിനെത്തുടർന്ന് നിയമനിർമ്മാണ പരിഷ്കാരങ്ങൾ ചർച്ച ചെയ്യുന്നതിനും നടപ്പാക്കുന്നതിനുമായി വിവിധ വകുപ്പുതല വർക്കിംഗ് കമ്മിറ്റികളും രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മറ്റി സമർപ്പിച്ച പരിഷ്കരണ ശുപാർശകളുമായി ബന്ധപ്പെട്ട്, നിലവിൽ, 2020-ലെ കേരള സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങളുടെ, ഭേദഗതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട പരിഷ്കരണങ്ങൾ, നിലവിൽ അതാത് വകുപ്പുകളുടെ പരിഗണനയിലാണ്. |
| (ബി) | എങ്കിൽ അവ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അവയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |
| (സി) | ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ